LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹനവകുപ്പിന്റെ ഹെൽപ്പ് ലൈൻ സംവിധാനം

360 (2235) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രയ്ക്കിടയിൽ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളും കുറ്റകൃത്യങ്ങളും തടയാൻ മോട്ടോർ വാഹന വകുപ്പ് ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ബി) ഹെൽപ്പ് ലൈനിന്റെ പ്രവർത്തന രീതി വിശദമാക്കുമോ ;

(സി) ഹെൽപ്പ് ലൈൻ വഴി നൽകുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇവയുടെ പ്രവർത്തനം മോണിട്ടർ ചെയ്യാൻ സ്വീകരിച്ചിട്ടുള്ള സംവിധാനം എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) യാത്രയ്ക്കിടയിൽ സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമവും കുറ്റകൃത്യങ്ങളും തടയാൻ മോട്ടോർ വാഹന വകുപ്പ് ഹെൽപ്പ് ലൈൻ സംവിധാനം 14-2-2014 മുതൽ എല്ലാ ആർ.ടി. ഓഫീസുകളിലും ആരംഭിച്ചിട്ടുണ്ട്. പ്രൈവറ്റ് ബസ്സുകളിലും, കെ.എസ്.ആർ.ടി.സി. ബസ്സുകളിലും വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും വയോജനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചും യാത്രാ സൗജന്യവുമായി ബന്ധപ്പെട്ടും നിരവധി പരാതികൾ വിവിധ ഓഫീസുകളിൽ ലഭിച്ചു കൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കിയിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ അടങ്ങിയ പത്രക്കുറിപ്പ് 17-2-2014-ൽ കേരളത്തിലെ എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിലെ ഓരോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും പരിധിയിൽ ഉണ്ടാകുന്ന പരാതികൾക്ക് ഉടനടി പരിഹാരമുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തന രീതിയാണ് ഈ സംവിധാനത്തിലുള്ളത്. ഇതിനായി ഓരോ ജില്ലയിലും സർവ്വീസ്